**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 586** | **24-08-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ സംരംഭം തുടങ്ങുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടുന്നത്; | (എ) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ 12563 സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടുന്നത് |
| (ബി) | ലക്ഷ്യം കൈവരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | സംരംഭക വർഷത്തിന്റെ ഭാഗമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒന്ന് എന്ന കണക്കിലും നഗരസഭകളിൽ 20 വാർഡുകൾക്ക് ഒന്ന് എന്ന കണക്കിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ഈ ഇന്റേണുകൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. തിങ്കൾ, ബുധൻ ദിവസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഇന്റേണുകളുടെ നേതൃത്വത്തിൽ സംരംഭകർക്ക് വിവിധ സേവനങ്ങൾ നൽകാൻ ഹെൽപ്ഡെസ്ക് പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ളവർക്കായി മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു, ഇതിൽ നിന്ന് കണ്ടെത്തിയ സംരംഭകർക്കായി ഓഗസ്റ്റ് മാസം വിവിധ ബാങ്കുകളെയും സർക്കാർ വകുപ്പുകളെയും ഉൾപ്പെടുത്തി ലോൺ/ലൈസൻസ് മേളകൾ സംഘടിപ്പിച്ചു വരുന്നു.<br><br>സംരംഭക വർഷത്തിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി എസ്.എൽ.ബി.സി -യുടെ ആഭിമുഖ്യത്തിൽ പ്രത്യേക വായ്പ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വായ്പ എടുക്കുന്ന സംരംഭകർക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാകാനായി പലിശ ഇളവ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് മുതലായ വകുപ്പുകളുമായി ചേർന്ന് അതത് |

| | | | |
|---|---|---|---|
| | | | മേഖലകളിലെ സംരംഭകത്വം വളർത്തുന്നതിനുള്ള പദ്ധതികളും നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ